## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5252 31.10.2016 -ൽ മറുപടിയ്ക്ക്**

## കാവേരി ജലത്തിലെ സംസ്ഥാന വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ. കെ. എം. ഷാജി**<br>**ശ്രീ. ടി. എ. അഹമ്മദ് കബീർ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) കാവേരി ജലത്തിലെ സംസ്ഥാന വിഹിതം ഉപയോഗപ്പെടുത്താൻ ഏതൊക്കെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) കാരാപ്പുഴ പദ്ധതി, ബാണാസുര സാഗർ പദ്ധതി, ചെങ്കല്ലാർ സ്കീമിലെ പട്ടിശ്ശേരി ഡാം, കബനി സബ് ബേസിനിലെ വയനാട് ജില്ലയിൽ 3 ചെക്ക് ഡാമുകൾ, പാമ്പാർ സബ് ബേസിനിലെ ഇടുക്കി ജില്ലയിലെ കാന്തല്ലൂർ പഞ്ചായത്തിലെ സൂക്ഷ്മ ജലസേചന പ്രവൃത്തികൾ, ഭവാനി ബേസിനിലെ പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിൽ 4 ചെക്ക് ഡാം, 6 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. |
| ബി) ഇതു സംബന്ധിച്ച ട്രൈബ്യൂണൽ തീരുമാനം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ; | (ബി) കബനി, ഭവാനി, പാമ്പാർ എന്നീ കാവേരി സബ് ബേസിനുകളിൽ വിവിധ പദ്ധതികൾക്കായി കാവേരി ട്രിബ്യൂണൽ അവാർഡ് പ്രകാരം കേരളത്തിന് കബനി ബേസിനിൽ - 21 ടി.എം.സി.യും, ഭവാനി ബേസിനിൽ - 6 ടി.എം.സി.യും , പാമ്പാർ ബേസിനിൽ - 3 ടി.എം.സി.യും ജലം അനുവദിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്ത് നിന്ന് ഉത്ഭവിച്ച് അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുന്ന നദികളിൽ നിന്ന് സംസ്ഥാനത്തിന് മൊത്തം ലഭിക്കുന്ന വെള്ളത്തിന്റെ അളവ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) കേരളത്തിലെ പശ്ചിമഘട്ടത്തിൽ നിന്നും ഉത്ഭവിച്ച് വയനാട്ടിലൂടെ ഒഴുകി കർണ്ണാടകയിലേക്ക് ഒഴുകുന്ന കാവേരി പോഷക നദിയായ കബനിയിൽ നിന്ന് കേരളത്തിന് 96 ടി.എം.സി.യുടെ വാർഷിക ജലലഭ്യതയുണ്ട്. കേരളത്തിലെ പശ്ചിമഘട്ടത്തിൽ നിന്ന് (ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ) ഉത്ഭവിച്ച് തമിഴ്നാട്ടിലേക്ക് ഒഴുകുന്ന കാവേരിയുടെ പോഷക നദിയായ പാമ്പാറിൽ നിന്നും കേരളത്തിന് 15 ടി.എം.സി.യുടെ വാർഷിക ജല ലഭ്യതയുണ്ട്. |

കൂടാതെ തമിഴ് നാട്ടിൽ നിന്ന് ഉത്ഭവിച്ച് കേരളത്തിലൂടെ ഒഴുകി വീണ്ടും തമിഴ് നാട്ടിലേക്ക് ഒഴുകുന്ന കാവേരിയുടെ പോഷക നദിയായ ഭവാനിയിൽ നിന്നും കേരളത്തിന് 36 ടി.എം.സി. യുടെ വാർഷിക ജലലഭ്യതയുണ്ട്.

സെക്ഷൻ ഓഫീസർ